# KCBC COMMISSION FOR FAMILY

Pastoral Orientation Centre(P.O.C.), Palarivattom, Kochi - 682025, Ph:9995028229
Email:kcbcfamilycommission@gmail.com, Website:www.kcbcfamilycommission.org


**All Kerala Press Release** **17/06/2023**
***Ref: 367/KCBC/FLY/ 07***

## വൈധവ്യത്തിൽ ഉറച്ച മനസോടെയും ഈശ്വര വിശ്വാസത്തോടെയും മുന്നേറണം: ഉമ തോമസ് എം. എൽ എ

**കൊച്ചി:** ഈശ്വരനെയും സത്യത്തയും മുറുകെപ്പിടിച്ച് സമൂഹത്തിന് നന്മ പകരുന്നവരും മക്കളെ നന്മയിൽ വളർത്തുന്നവരുമായി ജീവിക്കണമെന്ന് വിധവകളോട് തൃക്കാക്കര എംഎൽ എ ആഹ്വാനം ചയ്തു. ലോക വിധവാദിനത്തോടനുബന്ധിച്ച് പാലാരിവട്ടം പിഒസിയിൽ വച്ച് നടന്ന കെസിബിസി യൂദിത്ത്-നവോമി സംസ്ഥാന തല സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അവർ. ജീവിതപങ്കാളിയുടെ വേർപാടിൽ വേദനിക്കുന്നെങ്കിലും ദൈവം നിശ്ചയിച്ച കാലത്തോളം മറ്റുള്ളവർക്ക് നന്മ ചെയ്തു മുന്നോട്ടു പോകാൻ താനെടുത്ത തീരുമാനം ഏറെ ചാരിതാർത്ഥ്യം നല്കുന്നുവെന്നു അവർ പറഞ്ഞു.

ബൈബിളിലെ യൂദിത്തും നവോമിയും വിധവകൾക്ക് കരുത്തും മാതൃകയുമാണെന്ന് ചടങ്ങിൽ അദ്ധ്യക്ഷ പദം അലങ്കരിച്ച കെസിബിസി ഫാമിലി കമ്മീഷൻ ചെയർമാൻ ബിഷപ് പോൾ ആന്റണി മുല്ലശ്ശേരി അനുസ്മരിച്ചു. സഭ എല്ലായ്പ്പോഴും വിധവകൾക്കൊപ്പം നിലകൊള്ളുകയും അവരെ അനുഭാവത്തോടെ കാണുകയും ചെയ്യുന്നു എന്ന് പറഞ്ഞ അദ്ദേഹം കേരളത്തിലെ വിവിധ രൂപതകളിലുള്ള വിധവകൾ ഒന്നു ചേർന്ന് ഒരുമിച്ചു പ്രവർത്തിച്ച് സമൂഹത്തിന് കൂടുതൽ നന്മപ്രവൃത്തികൾ ചെയ്യാനും ആഹ്വാനം ചെയ്തു.

കെസിബിസി ഫാമിലി കമ്മീഷൻ സെക്രട്ടറി റവ. ഡോ. ക്ലീറ്റസ് വർഗീസ് കതിർപറമ്പിൽ അനുഗ്രഹപ്രഭാഷണം നടത്തി. കോതമംഗലം രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ ജോസ് കിഴക്കേൽ, വിജയപുരം രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് പൂവത്തിങ്കൽ എന്നിവർ ആശംസകൾ അർപ്പിച്ചു. കെസിബിസി യൂദിത്ത്-നവോമി ഫോറം പ്രസിഡന്റ് ശ്രീമതി ഫിലോമിന തോമസ്, ജനറൽ സെക്രട്ടറി ശ്രീമതി മേരി ജോൺ, ആനിമേറ്റർ സി. ലില്ലി ജോസഫ് എന്നിവർ പ്രസംഗിച്ചു. 'വൈധവ്യം സാക്ഷാൽ ധീരതയോടെ' എന്നവിഷയത്തെ ആസ്പദമാക്കി റവ. സി. റോസ് ജോസ് ക്ലാസ്സ് നയിച്ചു.

**ഫോട്ടോ മാറ്റർ:** കെസിബിസി യൂദിത്ത്-നവോമി ഫോറത്തിന്റെ സംസ്ഥാനതല സെമിനാർ ശ്രീമതി ഉമ തോമസ് എം.എൽഎ ഉദ്ഘാടനം ചെയ്യുന്നു. ബിഷപ് റൈറ്റ് റവ. ഡോ പോൾ ആന്റണി മുല്ലശ്ശേരി, റവ. ഡോ. ക്ലീറ്റസ് വർഗീസ് കതിർപറമ്പിൽ, റവ. ഫാ ജോസ് കിഴക്കേൽ, റവ. ഫാ. ജോസഫ് പൂവത്തിങ്കൽ, റവ. സി. റോസ് ജോസ്, ഫിലോമിന തോമസ്, മഞ്ജു ഡേവിഡ്, മേരി ജോൺ, ഷൈനി തോമസ്, ഷെറിൾ ലൂയിസ് തുടങ്ങിയവർ സമീപം.

**ഫാ. ക്ലീറ്റസ് വർഗീസ് കതിർപറമ്പിൽ**
**സെക്രട്ടറി, കെസിബിസി ഫാമിലി കമ്മീഷൻ**